"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. കെ.സി. ജോസ് - ന് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.992/2026/LSGD തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15/04/2008 ലെ E4(VE.42/02/ALP)11445/02 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 19/08/2014 ലെ ഡി8-14834/13 നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 18/04/2015 ലെ 60781(i)/EPB2/12/LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ. ജോസ് കെ.സി. 29/09/2022 ൽ സമർപ്പിച്ച എതിവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13/03/2026 ലെ LSGD/PD/4032/2023-VIGA5 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. കെ.സി. ജോസ് ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച കാലയളവിൽ, പഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതിയിലെ മരാമത്ത് പണികളിലും സി.എഫ്.എൽ ലാമ്പ് വാങ്ങിയതിലും ക്രമക്കേടുകൾ നടന്നുവെന്ന ലോക്കൽ ഫണ്ട് ഡയറക്ടറുടെ 29.5.2021-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ടിയാനെതിരെയും ക്ലർക്കായിരുന്ന ശ്രീ. ജെ. ശിവൻകുട്ടിക്കെതിരെയും 07.02.2003-ൽ കുറ്റാരോപണ മെമ്മോ നൽകി വകുപ്പു തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. പ്രസ്തുത അച്ചടക്ക നടപടി നിലനിൽക്കവെ തന്നെ മേൽ വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സി.എഫ്.എൽ ലാമ്പ് വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിനുണ്ടായ 35,462/- രൂപയുടെ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച്, വിജിലൻസ് റിപ്പോർട്ടിൽ ബാധ്യതയായി നിശ്ചയിച്ചിരുന്ന 35,462/-രൂപ ഉത്തരവാദിയായ ക്ലർക്ക്

ശ്രീ. ജെ. ശിവൻകുട്ടി വെളിയനാട് ഗ്രാമപഞ്ചായത്തിൽ **22.11.2013**-ലെ **11303100759** നമ്പർ രസീത് പ്രകാരം ഒടുക്കിയതിനെ തുടർന്ന് ടിയാളുകൾക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ചുവന്ന അച്ചടക്ക നടപടി പരാമർശം **(2)** പ്രകാരം പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയിരുന്നു.

**2.** എന്നാൽ ശ്രീ. കെ.സി. ജോസ് **31.05.2008**-ൽ വിരമിച്ചതിനു ശേഷമാണ് ടിയാനെതിരെ വകുപ്പുതലത്തിൽ **07.02.2003**-ൽ ആരംഭിച്ച അച്ചടക്ക നടപടി **19.08.2014**-ൽ പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയിരുന്നത്. ടിയാൻ വിരമിച്ചശേഷമാണ് **2012**-ൽ വിജിലൻസ് റിപ്പോർട്ട് ലഭിച്ചത് എന്നതിനാൽ വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ, സി.എഫ്.എൽ ലാമ്പ് വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ടും, പൊതുമരമാത്തു പ്രവൃത്തികളായ റോഡുകൾ, ഫുട്പാത്തുകൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫണ്ട് ദുരുപയോഗം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് ശ്രീ. ജോസ് -നെതിരെ **KSR Part III Rule 59 (b)** പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **50** രൂപ സ്ഥിരമായി കുറവ് വരുത്തുവാൻ താൽക്കാലികമായി തീരുമാനിച്ച് **18.4.2015**-ൽ സർക്കാർ പരാമർശം **(3)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

**3.** പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് **28.09.2022**-ൽ ശ്രീ. ജോസ് പരാമർശം **(4)** പ്രകാരം സമർപ്പിച്ച മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(5)** അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അച്ചടക്ക നടപടിക്ക് ആധാരമായ വിജിലൻസ് അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ, വെളിയനാട് ഗ്രാമ പഞ്ചായത്തിൽ **1997-98** കാലയളവിൽ നടപ്പാക്കിയ ജനകീയ ആസുത്രണ പദ്ധതിയിലെ മരാമത്ത് പണികളിലും സി എഫ് എൽ ലാമ്പ് വാങ്ങിയതിലും ക്രമക്കേടുകൾ നടന്നുവെന്നാണ് വിജിലൻസ് കണ്ടെത്തിയിരുന്നത്. അതിൽ സി.എഫ്.എൽ ലാമ്പ് വാങ്ങിയതിൽ **35,462/-** രൂപയുടെ ക്രമക്കേട് നടന്നതായി വ്യക്തമായ തെളിവോടെ വിജിലൻസ് കണ്ടെത്തിയിരുന്നു. എന്നാൽ മരാമത്തു പണികളുമായി ബന്ധപ്പെട്ട റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം സംബന്ധിച്ച ആരോപണങ്ങളിൽ, പ്രസ്തുത വർക്കുകൾ നടന്ന് **10** വർഷം കഴിഞ്ഞിട്ടുള്ളതിനാലും നിരവധി മൺസൂൺ കാലം പിന്നിട്ടിട്ടുള്ളതിനാലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി വർക്കുകളുടെ ഗുണനിലവാരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലെന്നും എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചില കേസുകളിൽ അധിക തുക അനുവദിച്ചതായി കാണുന്നതായാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. സി.എഫ്.എൽ ലാമ്പ് വാങ്ങിയതിൽ **35,462/-**രൂപയുടെ ക്രമക്കേട് നടന്നിട്ടുള്ളതിന് വ്യക്തമായ തെളിവുള്ളതിനാലും എന്നാൽ മറ്റ് ആരോപണങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ സാധിക്കാത്തതിനാൽ മതിയായ തെളിവ് ഇല്ലാത്തതിനാലും സി.എഫ്.എൽ ലാമ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വന്ന **35,462/-**രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനുമാണ് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നത്. അതിന്റെ

അടിസ്ഥാനത്തിലാണ് മേൽ പ്രകാരം നടപടി സ്വീകരിക്കുന്നതിനും ഉത്തരവാദികളായവർക്കെതിരെ **KSR Part III Rule 59(b)** പ്രകാരം നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിരുന്നത്.

**4.** ശ്രീ. ജോസിനെതിരെ **18.04.2015**-ൽ നൽകിയ സർക്കാർ കാരണം കാണിക്കൽ നോട്ടീസിൽ അച്ചടക്ക നടപടിക്ക് ആധാരമായി പരാമർശിച്ചിട്ടുള്ള ഒന്നാമത്തെ ആരോപണം സി.എഫ്.എൽ ലാമ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിനുണ്ടായ **35,462/-**രൂപയുടെ നഷ്ടം സംബന്ധിച്ചാണ്. പ്രസ്തുത ആരോപണം സംബന്ധിച്ച് ശ്രീ. ജോസ് സമർപ്പിച്ച വിശദീകരണം പ്രകാരം, അനർട്ട് സർട്ടിഫിക്കേഷനുള്ള സിഎഫ്എൽ ലാമ്പുകളാണ് പട്ടികജാതിക്കാർക്ക് വിതരണം ചെയ്യുന്നതിനായി ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയതെന്നും ആയവ വിതരണം ചെയ്തിരുന്നുവെന്നും, ഗ്യാരണ്ടി ഉള്ളതിനാൽ വിതരണം ചെയ്തശേഷം ഉപയോഗിക്കുമ്പോൾ പൊട്ടിപ്പോയവയ്ക്ക് പകരം സിഎഫ്എൽ ലാമ്പ് ലഭിച്ചിരുന്നതായും അവ ഉൾപ്പെടെ വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്ന ലാമ്പുകൾ ഗ്രാമ പഞ്ചായത്തിലെ എൽ.ഡി. ക്ലർക്കിന്റെ ചുമതലയിൽ അലമാരയിൽ സൂക്ഷിക്കുകയാണ് ചെയ്തിരുന്നതെന്നും എന്നാൽ ഓഡിറ്റ് ടീം ആവശ്യപ്പെട്ടപ്പോഴാണ് അവ നഷ്ടപ്പെട്ട വിവരം അറിയുന്നതെന്നും ആയതിന് താൻ ഉത്തരവാദിയല്ലെന്നും ടിയാൻ അറിയിച്ചിരുന്നു. ഗ്രാമ പഞ്ചായത്തിന് നഷ്ടമായ **35,462/-**രൂപ ഉത്തരവാദിയായ ക്ലർക്ക് ശ്രീ. ജെ. ശിവൻകുട്ടി വെളിയനാട് ഗ്രാമപഞ്ചായത്തിൽ **22.11.2013**-ലെ **11303100759** നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**5.** കാരണം കാണിക്കൽ നോട്ടീസിലെ മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട രണ്ടാമത്തെ ആരോപണത്തിൽ, പ്രസ്തുത വർക്കുകൾ നടന്ന് **10** വർഷം കഴിഞ്ഞിട്ടുള്ളതിനാലും നിരവധി മൺസൂൺ കാലം പിന്നിട്ടിട്ടുള്ളതിനാലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ കഴിഞ്ഞിട്ടില്ലെന്നും ചില വർക്കുകളിൽ അധിക തുക അനുവദിച്ചതായി കാണുന്നതായുമാണ് പരാമർശിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് എതിർവാദ പത്രികയിലെ ശ്രീ. ജോസിന്റെ വിശദീകരണത്തിൽ, പദ്ധതി പ്രകാരമുള്ള മിക്കവാറും മരാമത്തു പണികൾ നടക്കുന്ന സ്ഥലത്തിന് സമീപം റോഡ് സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ നിർമ്മാണ സാമഗ്രികൾ വണ്ടിയിൽ കൊണ്ടുവന്ന് ഇറക്കുന്ന സ്ഥലത്തു നിന്നു വള്ളങ്ങളിൽ ചുമന്ന് കയറ്റി പദ്ധതി പ്രദേശത്ത് എത്തിക്കുകയും അവിടെ നിന്ന് വീണ്ടും തലച്ചുമടായി പണി സ്ഥലത്ത് എത്തിക്കുകയാണ് ചെയ്തിരുന്നതെന്നും ഇപ്രകാരം പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേതകൾ മൂലം ജോലിക്കൂലി വർദ്ധിക്കുകയാണുണ്ടായതെന്നും അതുകൊണ്ടു തന്നെ എസ്റ്റിമേറ്റ് തുകയെക്കാൾ മാർക്കറ്റ് റേറ്റ് വർദ്ധിച്ചിരുന്നതിനാൽ പദ്ധതി നിർവ്വഹണ സമിതിക്ക് നഷ്ടമുണ്ടായതായും അതുമൂലം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നും അർഹതപ്പെട്ട പണം മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും, വർക്ക് പൂർത്തിയാക്കാതെ പണം നൽകിയിട്ടില്ലെന്നും ഇതു സംബന്ധിച്ച നിജസ്ഥിതി അറിയാൻ ഓഡിറ്റ് ടീം

സ്പോട്ട് വെരിഫിക്കേഷൻ നടത്തിയിരുന്നില്ലെന്നും ആയതിനാൽ ആരോപണങ്ങൾ വാസ്തവവിരുദ്ധമാണെന്നും ബോധിപ്പിച്ചിട്ടുണ്ട്.

**6.** പൊതുമരമാത്ത് പ്രവൃത്തികൾ സംബന്ധിച്ച ശ്രീ. ജോസിന്റെ വിശദീകരണം തൃപ്തികരമല്ലെന്നും ഇതു സംബന്ധിച്ചുള്ള പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ **19.11.2001**-ലെ എ2-**469/2001** റിപ്പോർട്ടിലെ ആരോപണങ്ങൾ നിലനിൽക്കുന്നതായും, ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ടിയാന്റെ ബാധ്യതയായ **11,49,084/-** രൂപയിൽ (പലിശ ഒഴികെയുള്ളത്) മുതലും പലിശയും ഉൾപ്പെടെ **7,13,047/-** രൂപ ടിയാനിൽ നിന്നും ഈടാക്കിയതായി പഞ്ചായത്ത് അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**7.** സർക്കാർ ഈ വിഷയം പരിശോധിച്ചതിൽ നിന്നും, സർക്കാർ കാരണം കാണിക്കൽ നോട്ടീസിൽ അച്ചടക്ക നടപടിക്ക് ആധാരമായി പരാമർശിച്ചിട്ടുള്ള ഒന്നാമത്തെ ആരോപണത്തിലെ സി.എഫ്.എൽ ലാമ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിനുണ്ടായ **35,462/-**രൂപയുടെ നഷ്ടം ക്ലർക്ക് ശ്രീ. ജെ. ശിവൻകുട്ടി വെളിയനാട് ഗ്രാമപഞ്ചായത്തിൽ **22.11.2013**-ൽ ഒടുക്കിയിട്ടുള്ളതാണ്. രണ്ടാമത്തെ ആരോപണത്തിൽ, എന്ത് ക്രമക്കേടാണ് ശ്രീ. ജോസ് നടത്തിയതെന്ന് കൃത്യമായി വിശദീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞതിനാൽ പ്രവൃത്തികളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ വിജിലൻസിന് സാധിച്ചിട്ടുമില്ല. ടി സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിലെ ഈ ആരോപണം നിലനിൽക്കുന്നതാണെന്നും കാണുന്നില്ല.

**8.** മേൽ സാഹചര്യത്തിൽ, ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. കെ.സി. ജോസിനെതിരെ **KSR Part III Rule 59(b)** പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും **50/-** രൂപ വീതം ആജീവനാന്തം കുറവു വരുത്തുവാനെടുത്ത താൽക്കാലിക തീരുമാനം ഒഴിവാക്കി തുടർനടപടികൾ അവസാനിപ്പിച്ച് ടിയാനെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ജോസ് കെ.സി., മുൻ സെക്രട്ടറി, വെളിയനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ആലപ്പുഴ.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/28/2026/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by

Riju M Das

Date: 12-05-2026 13:45:43

സെക്ഷൻ ഓഫീസർ